DESPATCHED
On 19/02/2020

31.1.20

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം–695 001**

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in

ഹർജി നമ്പർ **AP 671(6)/2017/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.3776/SIC-Gen5/2017**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഡി.പി. ശശികുമാർ,
ദേവസ്വം പറമ്പ്
വാടയ്ക്കൽ,
ആലപ്പുഴ – 3.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്,
പുന്നപ്ര വടക്ക് പി.ഒ.,
ആലപ്പുഴ – 14.
2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, ആലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.1.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.2.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.2.2017 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.3.2017 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.3.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.4.2017 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഡി.പി. ശശികുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി വ്യക്തമായിരുന്നില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ യാതൊരു വിവരവും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. സേവനാവകാശ നിയമം പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ നിലവിൽ വന്നത് എന്നാണെന്നും ആയതു പ്രകാരം ഒരു അപേക്ഷകന് എത്ര ദിവസത്തിനുള്ളിൽ സേവനം കൊടുക്കണമെന്നും കൊടുത്തില്ലെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിക്കാം എന്നും

ii. 15.1.2014-ൽ 553/14 നമ്പർ രസീത് സെക്ഷൻ കോഡ് 500 നാളിതുവരെ കൈകൊണ്ടിട്ടുള്ള നിയമ നടപടികൾ എന്തെല്ലാം എന്നും

iii. വാർദ്ധ്യക്കാല പെൻഷൻ ലഭിക്കുന്നതെങ്ങിനെ എന്നും അതിനുവേണ്ടി അപേക്ഷകൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം എന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിരുന്നില്ലെന്നു കാണുന്നു. ആയത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനമാകയാൽ ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി ടിയാന്റെ വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

4. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 31-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk